2017 ഫെബ്രുവരി 17 വെള്ളി | ദീപിക

# സംരംഭ വികസന രംഗത്ത് കാതലായ മാറ്റങ്ങൾ വരുത്തണമെന്നു പ്രീ ബജറ്റ് മെമ്മോറാണ്ടം

**കൊച്ചി:** സംരംഭ വികസന രംഗത്ത് കാതലായ മാറ്റങ്ങൾ വരുത്തേണ്ടതിന്റെ ആവശ്യകത ചൂണ്ടിക്കാട്ടി കൊച്ചി കേന്ദ്രമായ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്മോൾ എന്റർപ്രൈസസ് ആൻഡ് ഡെവലപ്മെന്റ് തയാറാക്കിയ പ്രീ ബജറ്റ് മെമ്മോറാണ്ടം ധനമന്ത്രി ഡോ. ടി.എം.തോമസ് ഐസക്കിന് സമർപ്പിച്ചു. ഇൻസ്റ്റിറ്റ്യൂട്ടിന്റെ ശിപാർശകൾ ഡയറക്ടർ ഡോ. പി.എം.മാത്യു, കൺസൾട്ടന്റും സിഡ്ബി മുൻ ചീഫ് ജനറൽ മാനേജരുമായ കെ.എം.നായരും ചേർന്നാണ് സമർപ്പിച്ചത്.

ലോക നിലവാരത്തിലുള്ള നവസംരംഭങ്ങൾ രൂപപ്പെടുത്താനും ഫലപ്രദമായി നടപ്പാക്കാനും മുതൽമുടക്കാനുമുള്ള കേരളത്തിലെ വിപുലമായ സാധ്യതകളെപ്പറ്റി മെമ്മോറാണ്ടം വിശദമാക്കുന്നു. പ്രശ്ന മേഖലകൾ, സാധ്യതാ മേഖലകൾ, എന്നീ രണ്ട് ഇനങ്ങളിലായി, വമ്പിച്ച തോതിൽ ഉള്ള സംഘാടനത്തിന്റെയും മൂലധനമുടക്കിന്റെയും ആവശ്യകത രേഖ ചൂണ്ടിക്കാട്ടുന്നു.

'ഹരിത കേരളം', ജനകീയാസൂത്രണം, ശുചിത്വ മിഷൻ തുടങ്ങിയ നിലവിലുള്ള നിരവധി പദ്ധതികളെ ക്രോഡീകരിച്ച് 'സാമൂഹ്യ-സംരംഭ-വികസന' പദ്ധതി കൊണ്ടുവരികയാണ് മെമ്മോറാണ്ടത്തിലെ ശിപാർശകളുടെ കാതൽ. ഉത്പന്ന നിർമാണ മേഖലയെ സംബന്ധിച്ച, സാമ്പ്രദായിക കാഴ്ചപ്പാടുകൾ വിട്ട് പുതിയ മേഖലകൾ കണ്ടെത്തണമെന്നും സംസ്ഥാന ബജറ്റിനു മുന്നോടിയായി നൽകിയ മെമ്മോറാണ്ടത്തിൽ പറയുന്നു.